**കേരള സർക്കാർ**

**ഭരണഭാഷ – മാതൃഭാഷ**

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
DFTVM/1321/2026-N2
തീയതി:22-07-2026
ഇ-മെയിൽ:fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം.

പബ്ലിക്ക് റിലേഷൻ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം:- ഫിഷറീസ്-വിദ്യാതീരം 2026-27 - സൗജന്യ സിവിൽ സർവീസ് പരിശീലനം - സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച്.

************

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാതീരം 2026-27 പദ്ധതി പ്രകാരം സൗജന്യ സിവിൽ സർവീസ് പരിശീലനം നടത്തുന്നതിനു സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന താൽപര്യപത്രം ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യപ്പെടുത്തണമെന്ന് അറിയിക്കുന്നു.

## Expression of Interest (താൽപര്യപത്രം)

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതിയായ സിവിൽ സർവീസ് പരിശീലനം 2026 - 27 അധ്യയന വർഷത്തിൽ നടപ്പിലാക്കുന്നതിലേക്കായി, ഫിഷറീസ് വകുപ്പുമായി ചേർന്ന് പരിശീലനം നൽകുന്നതിനു താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. സിവിൽ സർവീസ് പരിശീലന മേഖലയിൽ 5 വർഷത്തെ പ്രവർത്തന പരിചയം ഉള്ള സ്ഥാപനങ്ങൾക്കാണ് താൽപര്യപത്രം സമർപ്പിക്കുന്നതിനു അർഹത. പഠന പശ്ചാത്തല സൗകര്യങ്ങൾ, താമസ സൗകര്യം, ഫീസ്, ഫാക്കൽട്ടി വിവരങ്ങൾ എന്നിവയും അവസാന 3 വർഷത്തെ വിജയ വിവരങ്ങളും ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. **പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി 5-8-2026 , 03.00 PM വരെയാണ്.** അന്നേ ദിവസം 04.00 PM നു ഹാജരുള്ള സ്ഥാപനങ്ങൾ/ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പ്രൊപ്പോസൽ തുറന്നു പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവൻ നാലാം നിലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഫോൺ നം. 0471 2305042

വിശ്വസ്തതയോടെ,
CHELSASINI V IAS
DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർ.

Digitally signed by
SMITHA. R. NAIR
Date: 22-07-2026
18:02:39